**Wednesday, 23 October 2019**

Mt 25:14-30

Fr. Raphy Kadavi CMI

സ്വർഗ്ഗരാജ്യം- ഒരുവൻ യാത്ര പുറപ്പെടുന്നതിനു മുൻപ് ഭൃത്യന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരെ ഭരമേല്പിച്ചതു പോലെയാണ് (Mt 25:14). ക്രിസ്തു ഈ ലോകത്തിൽ ഒരു മനുഷ്യനായി പിറന്നു ജീവിച്ച് മരിച്ച് ഉത്ഥാനം ചെയ്ത് താൻ നേടിയതെല്ലാം നമുക്ക് തന്നിരിക്കുന്നു. അവൻ നമുക്ക് തന്നിരിക്കുന്നു. അവൻ നമുക്ക് തന്ന സമ്പത്ത് അവനിലുള്ള വിശ്വാസമാണ്, സുവിശേഷമാണ് ഒപ്പം നമ്മുടെ ജീവിതവും.

ഈ ജീവിതത്തിനനുസരിച്ചു ഈ ദാനങ്ങൾക്കനുസരിച്ച് നാം ജീവിക്കുമ്പോൾ അവ മറ്റുള്ളവർക്കായി വർദ്ധിപ്പിക്കുമ്പോൾ ഇവിടെ സ്വർഗ്ഗരാജ്യം ഉണ്ടാകുന്നു. സ്വർഗ്ഗരാജ്യം അതിനാൽ തന്നെ ഓരോ വിശ്വാസിയുടെയും ജീവിതമാണ്. താൻ പ്രയത്നിച്ച് അദ്ധ്വാനിച്ച വിളവ് കാട്ടി ക്രിസ്തു പറഞ്ഞു "വിളവധികം" (Mt 9:37). അവൻ സ്വജീവൻ കൊടുത്ത് നേടിയതെല്ലാം നമുക്ക് തന്ന് അവൻ പറഞ്ഞു "ഇതാ സ്വർഗ്ഗരാജ്യം നിങ്ങളുടെ ഇടയിൽ " (Lk 17:21). അതെ സ്വർഗ്ഗരാജ്യം ഒരുവൻ യാത്ര പുറപ്പെടുന്നതിനു മുമ്പ് ഭൃത്യന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരെ ഭരമേല്പിച്ചതു പോലെയാണ്. ഒരുവൻ തന്റെ ജീവിതത്തിൽ തകർച്ചകളും, താഴ്ചകളും, തെറ്റിദ്ധാരണകളും, തോൽവികളും ഉണ്ടാകുമ്പോഴും തന്റെ വിശ്വാസത്തിലുറച്ച് തന്റെ താലന്തുകൾക്കനുസരിച്ച് ദൈവത്തിലാശ്രയിക്കുമ്പോൾ അവൻ മറ്റുള്ളവർക്ക് സാക്ഷ്യമാകുന്നു. വിശ്വസ്ത ദാസനാകുന്നു.

തന്റെ വലിയ വിജയങ്ങളിലും, സമ്പത്തിലും, സ്ഥാനമാനങ്ങളിലും, ആനന്ദങ്ങളിലും ദൈവത്തെ മറക്കാത്തവൻ, എളിമയുള്ളവൻ, തന്റെ സഹോദരന് താങ്ങാകുന്നവൻ വിശ്വസ്ത ദാസനാണ്. എല്ലാം ദാനമായി ലഭിച്ചിട്ടും നന്ദിയില്ലാത്തവൻ, അപരന് ദുർമാതൃകയും ഇടർച്ചയും ആകുമ്പോൾ നാം താലന്തു കുഴിച്ചിട്ട ദാസനെ പോലെ അവിശ്വസ്തനാകുന്നു. നമ്മുടെ അവിശ്വസ്തത വഴി അനേകർക്ക് ലഭിക്കേണ്ട നന്മ നാം നിരാകരിക്കുന്നു. ആ ദാസനെ പോലെ ക്രിസ്തുവിനെ നമ്മുടെ ജീവിതം കൊണ്ട് നാം അപമാനിക്കുന്നു, തള്ളി പറയുന്നു.

ഇന്നത്തെ ഉപമ നമ്മെ ഓർമ്മിപ്പിക്കുക ജീവിതം ഒരു ദാനവും ഒരു ദൗത്യവുമാണ്. അത് വിശ്വസ്തതയോടെ ജീവിക്കുമ്പോൾ സ്വർഗ്ഗരാജ്യം നമുക്ക് ഇടയിൽ ആണ്. ക്രിസ്തു വിതച്ച അവൻ പരിപാലിച്ച ഈ സമൃദ്ധമായ വിളവ് നമ്മുടെ ദാനങ്ങളുപയോഗിച്ച് ദൗത്യം നിറവേറ്റി ശേഖരിക്കാൻ നമുക്ക് വിശ്വസ്ത ദാസരാകാം. എല്ലാം കാണുന്ന, അറിയുന്ന അവന്റെ പക്കൽ നമുക്ക് പ്രതിഫലം ഉണ്ട്.

*Published by*

CMI General Department of Evangelization and Pastoral Ministry